## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 620** **19-03-2013 ലെ മറുപടിയ്ക്ക്**

## കാരുണ്യ ധനസഹായ പദ്ധതി

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ.കെ.ശിവദാസൻ നായർ**<br>**ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ.സി.പി.മുഹമ്മദ്** | | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** | |
| (എ) | കാരുണ്യ ധനസഹായ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | മാരകമായ രോഗങ്ങൾ പിടിപെട്ടവരും, വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവുമൂലം വിദഗ്ധ ചികിത്സക്ക് പണം കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്നവരുമായ സമൂഹത്തിലെ പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ വിദഗ്ധചികിത്സ ബന്ധപ്പെട്ട ആശുപത്രികളിലൂടെ നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. |
| (ബി) | ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള വരുമാനം എങ്ങനെയാണ് സമാഹരിക്കുന്നത്; | (ബി) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തി വരുന്ന കാരുണ്യ ഭാഗ്യക്കുറിയുടെ അറ്റാദായത്തിൽ നിന്നുമാണ് ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള ധനം സമാഹരിക്കുന്നത്. |
| (സി) | ഏതെല്ലാം രോഗങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത് ; വിശദമാക്കുമോ; | (സി) | കാൻസർ, വൃക്കരോഗം, ഹൃദ്രോഗം, തലച്ചോർ, കരൾ എന്നിവയുടെ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള ചികിത്സ, ഹീമോഫീലിയ രോഗികൾക്കുള്ള ഫാക്ടർ വിതരണം, പാലീയേറ്റീവ് കെയർ എന്നിവക്കാണ് ചികിത്സാ സഹായം ലഭിക്കുന്നത്. |
| (ഡി) | ഏതെല്ലാം വിഭാഗക്കാർക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത് ; | (ഡി) | എല്ലാ ബി.പി.എൽ കുടുംബത്തിനും 3 ലക്ഷം രൂപക്കുതാഴെ വാർഷിക വരുമാനമുള്ള എ.പി.എൽ കുടുംബത്തിനും ചികിത്സാ സഹായം ലഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | ഏതെല്ലാം ആശുപത്രികളിൽ നിന്നാണ് ചികിത്സാ സൗകര്യം ലഭിക്കുന്നത്; വിശദമാക്കുമോ? | (ഇ) | നിശ്ചിത രോഗങ്ങൾക്ക് ആവശ്യമായ വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും, പരിയാരം, കൊച്ചി എന്നീ സഹകരണ മെഡിക്കൽ കോളേജ് ആശുപത്രികളിലും, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിലും ചികിത്സ തേടുന്നവർക്കും കൂടാതെ പദ്ധതിയുടെ വ്യവസ്ഥയനുസരിച്ചുള്ള പാക്കേജും നിരക്കുകളും അനുസരിച്ച് ചികിത്സ നടത്താൻ തയ്യാറായി കരാർ ഒപ്പ് വച്ചിട്ടുള്ള 48 സർക്കാരിതര ആശുപത്രികളിലും ചികിത്സാ സൗകര്യം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.